LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട-ഇടത്തരം വ്യവസായങ്ങളെക്കുറിച്ചുള്ള പഠനം

206 (3360) ശ്രീ. സണ്ണിജോസഫ് രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദേശകാര്യവും വകുപ്പുമന്ത്രി സഭയെ അറിയിക്കുമോ:

(എ) സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഒന്നിൽ കൂടുതൽ തവണകളിലായി ഇത്തരം പഠനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) ചെറുകിട - ഇടത്തരം സംരംഭങ്ങൾ തുടച്ചുനീക്കപ്പെടുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ച് നൽകാമെന്നറിയിച്ചു.

വ്യവസായ വികസനം

207 (3361) ശ്രീ. കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിദേശകാര്യവും വകുപ്പുമന്ത്രി സഭയെ അറിയിക്കുമോ:

(എ) കൊച്ചിയിൽ വ്യവസായ വികസനം ഉറപ്പുവരുത്തി കിടങ്ങൂരിലെ വ്യവസായം തുടങ്ങാനുള്ള ശ്രമങ്ങൾ ഉപേക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വിശദമാക്കുമോ;

(സി) വ്യവസായ വികസനത്തിന് പ്രധാന തടസ്സം കാലതാമസമുണ്ടാക്കുന്ന നിയമങ്ങളാണെന്ന കാര്യം അറിയാമോ;

(ഡി) എങ്കിൽ ഏതെല്ലാം നിയമങ്ങളിൽ ഇത്തരം ഭേദഗതികൾ വരുത്തുമെന്നാണ് വിശദമാക്കാമോ?